# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2889. 22..6..2012-ൽ മറുപടിക്ക്

## പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | (എ) സങ്കരയിനം പശുക്കളെ വാങ്ങി നല്കുന്ന എം.എസ്.ഡി.പി. പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ആർ.കെ.വി.വൈ പദ്ധതി, ക്ഷീരസംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി എന്നിവ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പി ലാക്കി വരുന്നുണ്ട്. ഇതിനുപുറമേ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴിയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴിയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ക്ഷീരകർഷകരെ സഹായിക്കുന്ന തിന് പശു വളർത്തൽ തൊഴി-ലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ക്ഷീരകാർഷികവൃത്തിയിലെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനായി കേന്ദ്രസർക്കാ രിനോട് അപേക്ഷിച്ചിരുന്നെങ്കിലും പുതുതായി അംഗീകരിച്ച മാറ്റങ്ങൾ വഴി ക്ഷീരവികസനവു മായി ബന്ധപ്പെട്ട് കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷി എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) ഇപ്പോൾ സംസ്ഥാന ആവശ്യ ത്തിന്റെ എത്ര ശതമാനമാണ് ഉല്പാദനമെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന ആവശ്യത്തിന്റെ 90-92% വരെ ഫ്ലഷ് സീസണിലും, 85-90% വരെ ലീൻ സീസണിലും ഉല്പാദിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.